# നീരക്ക് പ്രോത്സാഹനം; കേര കർഷകർക്കും

സാമ്പത്തികമായി തളർന്നുകൊണ്ടിരിക്കുന്ന നാളികേര കർഷകർക്ക് പ്രതീക്ഷയുടെ പുതിയ പ്രഭാതം തീർത്ത നീരയെ പ്രോത്സാഹിപ്പിക്കാനും യുവാക്കൾക്ക് പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനുമായി നീര ഊറ്റിയെടുക്കുന്നതിന് ടെക്നീഷ്യൻമാർക്ക് ജില്ലാ പഞ്ചായത്ത് പരിശീലനം നൽകും. മലബാർ കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിയുമായി സഹകരിച്ച് പരിശീലനം നൽകുന്ന ടെക്നീഷ്യൻമാർക്ക് തൊഴിൽ ഉറപ്പ് വരുത്തി കൊണ്ടാണ് പദ്ധതി നടപ്പിലാക്കുക. നീര ഉത്പ്പാദനത്തിന് ലൈസൻസ് ലഭിച്ചിട്ടുള്ള 28 പഞ്ചായത്തുകൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. 15 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.